For Private Circulation Only

February 2017

ആഗമനാരുണൻ

Vol.64

"ഞങ്ങൾ വിചാരിച്ചിരുന്നതുപോലെയല്ല; അവർ മുമ്പെ തങ്ങളെതന്നേ കർത്താവിനും പിന്നെ..... ഞങ്ങൾക്കും ഏല്പിച്ചു (2കൊരി. 8:5)

No.2

ഏകാഗ്രതയുള്ള ജീവിതം

By J.Stuart Holden

" ഞാനോ എന്റെ ദൈവമായ യഹോവയോട് പൂർണ്ണമായി പറ്റി നിന്നു". (യോശുവ.14:8)

ആധുനിക ക്രിസ്ത്യാനികളുടെ ഏറ്റവും വലിയ ആവശ്യം എന്നത് അവന്റെ കടമയെ സംബന്ധിച്ച് അവൻ തന്നെത്താൻ മനസിലാക്കുക എന്നതാണ്. യേശുരക്ഷകൻ എന്ന നിലയിൽ ദൈവത്തെ അറിയുവാനായി മനുഷ്യൻ മത്സരിക്കുന്നു. എന്നാൽ അതിന്റെ ശരിയായ ഉദ്ദേശവും ലക്ഷ്യവും മനസിലാക്കുന്നതിൽ പലപ്പോഴും പരാജയപ്പെടുന്നു. അങ്ങനെ ക്രിസ്തുവിനുള്ളവർ പലപ്പോഴും പരാജയപ്പെടുന്നു. അങ്ങനെ ക്രിസ്തുവിനുള്ളവർ എന്ന് പറയുന്നതിൽ ധാരാളംപേരും രക്ഷയ്ക്കായി ദൈവത്തിൽ ആശ്രയിക്കുന്നു, ആത്മാവിന്റെ വരങ്ങൾ സ്വീകരിക്കുന്നു. ക്രിസ്തുവിന്റെ ശിഷ്യരുടെ കൂട്ടത്തിൽ എണ്ണപ്പെടുകയും ചെയ്യുന്നു, എന്നാൽ അവർ എല്ലാവരും പൂർണ്ണമായി ദൈവത്തിനുള്ളവരല്ല. പൂർണ്ണമായി ദൈവത്തിന്റെ ആധിപത്യത്തിന് ഏല്പിച്ചിട്ടുള്ളവരല്ല. ക്രിസ്തുവിനെ രക്ഷകനായി അംഗീകരിച്ചിരിക്കാം. പക്ഷേ, അവർ ദൈവത്തിന്റെ പരമാധികാരത്തിൽ നിന്നും വളരെ അകലെയാണ്. അവരുടെ പരാതികളാണ് അവരുടെ സാക്ഷ്യങ്ങൾ. അവർക്ക് ലോകത്തിനുവേണ്ടി ഒന്നും ചെയ്യുവാൻ കഴിയുകയില്ല.

ഇങ്ങനെയുള്ള പകുതിഹൃദയമുള്ള സാക്ഷ്യങ്ങളെ കാലേബിന്റെ സാക്ഷ്യവുമായി താരതമ്യപ്പെടുത്തിയാൽ, ഒരു അഹംഭാവമല്ല കാലേബിൽ കാണുന്നത് പിന്നെയോ തന്റെ പ്ലാനിന്റെയും പദ്ധതികളെയും കുറിച്ചുള്ള ലക്ഷ്യബോധത്തോടെയുള്ള പ്രഖ്യാപനമാണ്. ഞാനോ എന്റെ ദൈവമായ യഹോവയോട് പൂർണ്ണമായി പറ്റിനിന്നു. ദൈവത്തിന്റെ നിലവാരം വച്ച് തന്നെത്താൻ കണക്കുകൂട്ടുന്നതിൽ യോശുവ പരാജയപ്പെട്ടില്ല. ദൈവത്തെ പിന്തുടരുന്നതിൽ തന്റെ വഴി വ്യക്തമായിരുന്നു. വഴികൾ ഒരുക്കപ്പെട്ടു. ദൈവത്തോടുള്ള ഏകാഗ്രതയിലും മുന്നോട്ടുപോയി. ഏകാനായി ദൈവത്തോടു ചേർന്നു നിന്നു. ദൈവഭയമില്ലാതെ മനുഷ്യൻ സ്വന്ത വഴിയിൽ നടന്ന് വിഗ്രഹങ്ങളെയും ആരാധിച്ചുവരുമ്പോൾ ഇവിടെ ഒരു മനുഷ്യൻ വേറിട്ട ചിന്തയും വേറിട്ട തീരുമാനവുമായി ലോകത്തെ ഭയപ്പെടാതെ ദൈവ ത്തെ സേവിക്കുന്നു. എന്നാൽ സഹിക്കുന്നതിന്റെ രഹസ്യം താൻ പഠിച്ചു. അദൃശ്യദൈവത്തെക്കുറിച്ചുള്ള അറിവും അനുഭവവുമായിരുന്നു അത്. ലഭിച്ച ദർശനം ദിനംതോറും തന്നെ ബലപ്പെടുത്തിക്കൊണ്ടിരുന്നു. പൂർണ്ണമായി ദൈവത്തെ പിന്തുടർന്നു. ദൈവത്തിലുള്ള വിശ്വാസവും അനുദിനവും വളർന്നുകൊണ്ടിരുന്നു. തന്റെ ഹൃദയം ഉറച്ചിരുന്നതിനാൽ തന്റെ വഴിയും നിശ്ചയമായിരുന്നു.

ദൈവത്തിന്റെ വഴികളെ നാം ചിന്തിക്കുമ്പോൾ, ദൈവത്തിന്റെ വഴിയിൽ നാം നടക്കുമ്പോൾ അതിന് എത്ര വില കൊടുക്കേണ്ടി വന്നാലും ജീവിതത്തിന്റെ അനിശ്ചിതത്വങ്ങൾ മാറുന്നു. ചുറ്റുപാടുമുള്ള ചഞ്ചലപ്പെടുത്തുന്ന ശബ്ദങ്ങളെ ശ്രദ്ധിക്കാതെ പോയാൽ വ്യക്തമായ ഒരു വഴി മുന്നിലുണ്ട്. അതത്രേ കുരിശിന്റെ വഴി.

ഏകാഗ്രതയുടെ സാധകാത്മകമായ പരിണത ഫലങ്ങൾ

ഒരുവൻ പൂർണ്ണമായി കർത്താവിനെ പിൻപറ്റുമ്പോൾ ദൈവത്തോടുള്ള ഏകാഗ്രതയുടെ പരിണത ഫലങ്ങൾ തന്റെ ജീവിതത്തിൽ കണ്ടു തുടങ്ങും. നാം അറിയുന്നതുപോലെ വിജയത്തിന്റെ കഠിനമായ അനുഭവത്തിൽ ദൈവവചനത്തിൻ മുമ്പാകെ പൂർണ്ണമായി സമർപ്പിക്കുന്നതുവരെ ശരിയായ സ്വാതന്ത്ര്യം അനുഭവിക്കുവാൻ സാദ്ധ്യമല്ല. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഇത് സത്യമാണ്. ദൈവത്തിന് സമർപ്പിക്കുമ്പോൾ അഹംഭാവം ഇല്ലാതാകുന്നു. ഒരു മനുഷ്യൻ തന്റെ ഇഷ്ടപ്രകാരം മാത്രം പണിശാലയിൽ തനിക്കു തന്നെ കാൽവിലങ്ങ് തന്നെത്താൻ തീർക്കുകയാണ് ചെയ്യുന്നത്. ഒരിക്കലും അത് തന്നെത്താൻ അഴിക്കാൻ കഴിയാതവണ്ണം ബലവത്തായിത്തീരുകയാണ് ചെയ്യുന്നത്.

ഓരോ വിലപ്പെട്ട അനുസരണവും ധാർമ്മികമായ ഊർജ്ജസ്വലതയെ ബലപ്പെടുത്തുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഓരോ അനുസരണക്കേടും നമ്മിൽ പ്രവർത്തിക്കുന്ന ക്രിസ്തുവിന്റെ കൃപയെ തടസപ്പെടുത്തുന്നു. അറിഞ്ഞുകൊണ്ട് അനുസരണക്കേട് കാണിച്ചാൽ ഒരു വെറുക്കപ്പെട്ട സ്വഭാവം വിടാതെ തുടരും, തെറ്റായ ഒരു ബന്ധം ഊട്ടിയുറപ്പിക്കപ്പെടും, പുനർചിന്തനം ചെയ്യാൻ കഴിയാത്ത ആസക്തിക്ക് അടിമയാകുന്നു. ജീവിതത്തിലുള്ള ക്രിസ്തുവിന്റെ ഹൃദയത്തോടെ ദൈവത്തെ പിന്തുടരുന്ന കാലേബിന്റെ ജീവിതം വിജയകരമായ ആത്മീയ ജീവിതത്തിനുദാഹരണമാണ്.

അങ്ങനെ പൂർണ്ണഹൃദയത്തോടെ കർത്താവിനെ പിൻപറ്റുന്നവൻ സ്വാഭാവികമായി കർത്താവിനെപ്പോ

(ശേഷം 8-ാംപേജിൽ)

പാപത്താൽ അന്ധകാരത്തിലായിരിക്കുന്ന ലോകത്തിന് പ്രകാശിക്കുന്ന വിളക്കുകൾ

By Fred D. Jarvis

പാപത്താൽ അന്ധകാരത്തിലായിരിക്കുന്ന ലോകത്തിന് കൊടുക്കുവാൻ പ്രകാശിക്കുനന വിളക്കുകൾ ആവശ്യമായിരിക്കുന്നു. ക്രിസ്തുവിനെ അനുഗമിക്കുന്നവരുടെ അണയാൻ പോകുന്ന വിളക്കുകൾക്ക് വീണ്ടും എണ്ണ നിറയ്ക്കേണ്ടത് ആവശ്യമാണ്. ഞങ്ങളുടെ മുഴങ്കാലുകളിൽ നിശ്ചയമായും ഞങ്ങൾ ജയിക്കും. ഞങ്ങളുടെ കുറവുകളെ കണ്ടുർന്ന് ദൈവത്തിന്റെ വഴിയിലേക്ക് മടങ്ങിവരാനുള്ള സമയമാണിത്. ഞങ്ങളുടെ വാക്കുകളെയും പ്രവൃത്തികളെയും ശോധനചെയ്യേണ്ട സമയമാണിത്.

ആത്മികമായി ഒരു പുതുക്കം ഞങ്ങൾക്ക് ആവശ്യമായിരിക്കുന്നു. ദൈവത്തിന്റെ ഇഷ്ടം നിവർത്തിക്കുവാൻ വിലകൊടുക്കേണ്ടതുണ്ട്. നമുക്ക് ബഥേലിലേയ്ക്ക് തിരിച്ചുപോകാം. കത്തുന്ന ചെടിയുടെ അടുക്കലേയ്ക്ക് പോകാം. നമ്മുടെ അനുഗ്രഹങ്ങളെ നഷ്ടപ്പെടുത്തിയ ഇടത്തേയ്ക്കു തിരിച്ചു പോകാം. ഹൃദയസ്പർശികളായ പ്രസംഗികളെ നമുക്ക് ആവശ്യമുണ്ട്. ഭയമില്ലാത്ത വിശ്വാസവും പരിശുദ്ധാത്മാവുമുള്ള ആളുകളെ നമുക്ക് ആവശ്യമുണ്ട്. പാപത്തെ സബംന്ധിച്ച് ഒഴികഴിവു പറയുന്നവരെയല്ല, പാപത്തെ വെറുക്കുന്നവരെയാണ് ആവശ്യം. ഉപവസിപ്പാനും പ്രാർത്ഥിപ്പാനും അറിയുന്നവരെയാണ് ആവശ്യം ആത്മക്കളെക്കുറിച്ച് ഭാരമുളളവരും ലോകത്തെക്കുറിച്ച് കാഴ്പ്പാടുള്ളവരെയും ആണ് ആവശ്യം.

ചെറിയ സമർപ്പണത്തിലൂടെ ഒരു വലിയ അനുഗ്രഹം ഒരിക്കലും പ്രതീക്ഷിക്കുവാൻ സാദ്ധ്യമല്ല. സഭ ഇന്ന് ഉറങ്ങുന്ന രാക്ഷസന്മാരെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. ''ഇതു ചെയ്യേണ്ടതു ഉറക്കത്തിൽ നിന്നു ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നെ; നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം അടുത്തിരിക്കുന്നു'' (റോമ.13:11). നമ്മുടെ വെളിച്ചം ഇപ്പോൾ വളരെ മങ്ങിയിരിക്കുന്നു. വിശ്വാസം വളരെ ക്ഷീണിച്ചിരിക്കുന്നു. നമ്മുടെ ശക്തി വളരെ ക്ഷയിച്ചിരിക്കുന്നു. പാപപങ്കിലമായ നമ്മുടെ അവസ്ഥകളെ വിട്ട്,. വൻ കാര്യങ്ങൾ ചെയ്യുവാൻ ശ്രമിച്ച്, വലിയ അനുഗ്രഹങ്ങൾക്കു വേണ്ടി വലിയ പ്രാർത്ഥനകൾ സംഘടിപ്പിക്കേണ്ടതാണ്. സ്വർഗ്ഗത്തിൽ നിന്നുള്ള ഒരു സന്ദർശനത്തിനും പരിശുദ്ധാത്മാവിന്റെ പകർച്ചയ്ക്കും നമ്മെ നാശത്തിൽ നിന്നും രക്ഷിക്കുവാൻ കഴിയും.

പരിശുദ്ധാത്മാവിന്റെ ശക്തി നമുക്കാവശ്യം

നമുക്ക് പദ്ധതികൾ ധാരാളമുണ്ട്. നമുക്കാവശ്യം പരിശുദ്ധാത്മാവും തീയും ആണ്. ദൈവം വാഗ്ദത്തം ചെയ്തിട്ടുള്ള എല്ലാ വാഗ്ദ

(ശേഷം 7-ാം പേജിൽ)

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9048677717**
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

''തന്റെ ഭക്തന്മാരുടെ മരണം യഹോവെക്കു വില t b ebnb X m∓ p¶ p ***'' (സങ്കീ. 166:15)***

കർത്താവിൽ നിദ്ര പ്രാപിച്ചു.



25-1-2017 മരണ ദിവസം: 4-2-2017

ആഗമനദൂതൻ മാസികയുടെ മുൻ എഡിറ്ററും ആറാമട ശെഖെന റിവൈവൽ മിനിസ്ട്രിയുടെ സ്ഥാപകനും കർത്താവിന്റെ വയൽ പ്രദേശത്ത് ദീർഘകാലം അദ്ധ്വാനിച്ച കർത്താവിന്റെ ദാസനു മായിരുന്ന ഡി.എം.വിജയരാജും അദ്ദേഹത്തിന്റെ ഭാര്യ ജോയി സരോജവും കർത്താവിൽ നിദ്രപ്രാപിച്ച വിവരം വായനക്കാരെ അറിയിച്ചുകൊള്ളുന്നു.

ഞാനോ നീതിയിൽ നിന്റെ മുഖത്തെ കാണും; ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ടു തൃപ്തനാകും (സങ്കീ. 17:15)

2017-ാം വർഷത്തിന്റെ ജനുവരി മാസം നമ്മെ വിട്ട് കടന്നുപോയി. ഫെബ്രുവരി മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു. കർത്താവിന്റെ വേലയിൽ വർദ്ധിച്ചു വരുന്ന വരായി മാറുവാൻ നമുക്കും ഉത്സാഹിക്കാം. ആത്മാക്കളുടെ വിടുതലിനും സഭയുടെ വളർച്ചയ്ക്കും വിനയത്തോടും വിശുദ്ധിയോടും പ്രവർത്തിക്കാം. നിന്നതല്ല ദൈവം നമ്മെ നിർത്തിയതാണ് എന്ന ചിന്ത നമ്മിൽ ഉണ്ടായിരിക്കട്ടെ. ജീവിതത്തിലെ ചെറുതും വലുതുമായ എല്ലാ കാര്യങ്ങളിലും ദൈവഹിതം അന്വേഷിച്ച് നീങ്ങിയാൽ നമ്മുടെ ജീവിതം വൻ വിജയമായിരിക്കും. അതിനു നമുക്കു പരിശ്രമിക്കാം.

എല്ലാ വായനക്കാരെയും ദൈവം ധന്യമായി അനുഗ്രഹിക്കട്ടെ. ആശീർവദിക്കട്ടെ. കർത്താവ് തന്റെ മണവാട്ടിയെ ചേർക്കുവാൻ വാനമേഘത്തിൽ വരുമ്പോൾ അവനോടുകൂടെ ചേർക്കപ്പെടുവാൻ നമുക്കും ഒരുങ്ങാം.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി

ബിന്ദു.എം

ദൈവവചനവും വിവാഹവും

By David Platt

സൃഷ്ടിതാവായ ദൈവം വിവാഹത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നതെന്താണ്? ദൈവവചനത്തിൽ നിന്നും നാം വ്യതിചലിച്ചിട്ടുണ്ടോ? വേദപുസ്തകം വിവാഹത്തെക്കുറിച്ച് പറയുന്ന ഉപദേശങ്ങളിൽ നിന്നും വ്യത്യസ്തമായ രീതി അവലംബിക്കുവാൻ ഒരു വിശ്വാസിക്ക് അവകാശമുണ്ടോ?

ഉല്പത്തി. 1:27-ൽ വായിക്കുന്നത് “ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു ”. ആദിമുതൽ തന്നെ പുരുഷന്റെയും സ്ത്രീയുടെയും മാന്യത എടുത്തു പറഞ്ഞിരിക്കുന്നു. ദൈവത്തിന്റെ സൃഷ്ടികളിൽ ശക്തമായ ദൂതന്മാരെക്കുറിച്ചു പോലും ദൈവത്തിന്റെ സാദൃശ്യമെന്നോ സ്വരൂപമെന്നോ പറയുന്നില്ല.

വേദപുസ്തകം പുരുഷനെക്കുറിച്ചും സ്ത്രീയെക്കുറിച്ചും സംസാരിക്കുന്നത് അവർക്ക് തുല്യമായ മാന്യത കൊടുത്തുകൊണ്ടാണ്. രണ്ടുപേരെയും സൗന്ദര്യമുള്ളവരായി ദൈവം തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചു.

എന്നാൽ ഒരു പോലെയല്ല അവരെ സൃഷ്ടിച്ചത്. തുല്യമാന്യത എന്നതു കൊണ്ട് അർത്ഥമാക്കുന്നത് അവർ വ്യത്യസ്തരല്ല എന്നല്ല. ഉല്പത്തി ഒന്നാം അദ്ധ്യായം വ്യക്തമായി പറയുന്നു. ദൈവം അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു. ഒരു പ്രത്യേക ഉദ്ദേശത്തിനു വേണ്ടി അങ്ങനെ സൃഷ്ടിച്ചു. അവരെ അനുഗ്രഹിച്ചു അവരോട് പറയുന്നത്, “ നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി വാഴുവിൻ ”(ഉല്പ. 1:28) ഈ കല്പന പുരുഷനെയും സ്ത്രീയെയും വ്യത്യാസപ്പെടുത്തിയാണ് സംസാരിക്കുന്നത്. പുരുഷന്മാരെ മാത്രമോ സ്ത്രീകളെ മാത്രമോ കൊണ്ട് സന്താന സമൃദ്ധി സാദ്ധ്യമല്ല. തുല്യം പറയുവാൻ കഴിയാത്ത ദൈവത്തിന്റെ പദ്ധതിയാണ് ഇവിടെ കാണുവാൻ കഴിയുന്നത്.

മാത്രമല്ല ദൈവത്തിന്റെ പദ്ധതിയുടെ ഈ രൂപ രേഖ പ്രത്യുൽപാദന പ്രക്രിയയെ സംബന്ധിച്ചുള്ളതാണ്. ഇത് ജീവശാസ്ത്രപരമായ പദ്ധതി കൂടെയാണ്. ദൈവം പുരുഷനെയും സ്ത്രീയെയും സൃഷ്ടിച്ചത് അവരിലുള്ള വ്യത്യസ്തകളെ പരസ്പരം അംഗീകരിച്ച് വാത്സല്യ പൂർവ്വം അതിനെ പങ്കിട്ട് വളർത്തിയെടുക്കുവാനാണ്.

ഉല്പത്തി 2-ാം അദ്ധ്യായത്തിൽ വ്യത്യസ്തമായ ഒരു ചിത്രമാണ് മനുഷ്യ സൃഷ്ടിയോടുള്ള ബന്ധത്തിൽ നാം കാണുന്നത്. ദൈവം സംസാരിക്കുന്നത്, ഞാൻ അവന് തക്കതായ ഒരു തുണ ഉണ്ടാക്കിക്കൊടുക്കും. മനുഷ്യൻ ഗാഢനിദ്രയിലാകുമ്പോൾ ദൈവം ആദ്യത്തെ ശസ്ത്രക്രിയ നടത്തി, മനുഷ്യനിൽ നിന്നും ഒരു വാരിയെല്ലെടുത്തു. യഥാർത്ഥത്തിൽ ദൈവത്തിന് ഇങ്ങനെ ചെയ്യേണ്ട ആവശ്യമില്ല. മനുഷ്യനെ സൃഷ്ടിച്ചതുപോലെ തന്നെ ദൈവത്തിന് അതേ രീതിയിൽ സ്ത്രീയേയും ഉണ്ടാക്കുവാൻ കഴിയും. എന്നാൽ ദൈവം അങ്ങനെ ചെയ്തില്ല. പകരം മനുഷ്യന്റെ വാരിയെല്ലിൽ ഒന്നെടുത്തു. സ്ത്രീയെ ഉണ്ടാക്കി. മനുഷ്യൻ കണ്ണു തുറന്നപ്പോൾ അവൻ അത്ഭുതപ്പെട്ടു. രേഖപ്പെടുത്തപ്പെട്ട ആദ്യ മനുഷ്യ വാക്കുകൾ ഇങ്ങനെ വായിക്കുന്നു. ഇത് ഇപ്പോൾ എന്റെ അസ്ഥിയിൽ നിന്നും അസ്ഥിയും എന്റെ മാംസത്തിൽ നിന്നും മാംസവുമാകുന്നു. ഇവളെ നരനിൽ നിന്നും എടുത്തിരിക്കയാൽ ഇവർക്കു നാരി എന്നു പേരാകും (ഉല്പ. 2:23).

ഈ അത്ഭുതകരമായ കാഴ്ച കൈവിടരുത്. ഇവിടെ ദൈവം ഒരുക്കുന്ന യാഥാർത്ഥ്യം എന്നത്, മറ്റൊന്നിനെ ദൈവം തനിക്ക് തുല്യമാക്കിത്തീർക്കുന്നു. എന്നാൽ തികച്ചും വ്യത്യസ്തവുമാണ്. തനിക്ക് ചെയ്യുവാൻ കഴിയാത്ത കാര്യങ്ങൾ തനിക്കുവേണ്ടി ചെയ്യുവാൻ അത് തന്റെ സ്വന്തമായിത്തീരുകയാണ്. അങ്ങനെ സ്ത്രീയെ മനുഷ്യനു നൽകുന്ന ഈ പ്രക്രിയയിലൂടെ വിവാഹം എന്ന അവസ്ഥ സ്ഥാപിക്കപ്പെടുന്നു. തൊട്ടടുത്ത

(ശേഷം 5-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയെയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:10)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

കുഞ്ഞുങ്ങൾക്കുള്ള വിജയകരമായ പരിശീലനം

By Charles Orr (1844 - 1913)

“ മക്കളേ നിങ്ങളുടെ അമ്മയപ്പന്മാരെ സകലത്തിലും അനുസരിപ്പിൻ. ഇത് കർത്താവിന്റെ ശിഷ്യന്മാരിൽ കണ്ടാൽ പ്രസാദകരമല്ലോ. പിതാക്കന്മാരേ നിങ്ങളുടെ മക്കൾ അധൈര്യപ്പെടാതിരിക്കേണ്ടതിന് അവരെ കോപിപ്പിക്കരുത് ” (കൊലൊ. 3:20,21).

കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുക എന്നത് വളരെ പ്രയാസമേറിയ കാര്യമാണ്. എന്നാൽ ഓരോ മാതാപിതാക്കന്മാരും ദൈവത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ മനസിലാക്കിയിരിക്കേണ്ടതാണ്. കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദാനമാണ്. നാം വിശ്വസ്തയോടെ ദൈവത്തിന് തിരികെ കൊടുക്കേണ്ടതുമാണ്. ഒരു അമ്മ ഇങ്ങനെ പറഞ്ഞു. “ഈ ബാലനായിട്ട് ഞാൻ പ്രാർത്ഥിച്ചു. ഞാൻ യഹോവയോട് കഴിച്ച അപേക്ഷ യഹോവ എനിക്ക് നൽകിയിരിക്കുന്നു. അതുകൊണ്ട് ഞാൻ അവനെ യഹോവയ്ക്ക് നിവേദിച്ചിരിക്കുന്നു. അവൻ ജീവപര്യന്തം യഹോവെക്കു നിവേദിതനായിരിക്കും ”(1ശമു, 1:27,28). ദൈവജനത്തിന്റെ ഒന്നാമത്തെ ദൗത്യം ഇതാണ്.

ദൈവത്തിന്റെ ജ്ഞാനം കുട്ടികൾക്കാവശ്യമാണ്. കുട്ടികളെ നേരായ പാതയിൽ ഒരുക്കിയെടുക്കുവാൻ മാതാപിതാക്കൾക്ക് ഉയരത്തിലെ ജ്ഞാനം ആവശ്യമാണ്. വ്യത്യസ്ത വാസനകളുള്ള കുഞ്ഞുങ്ങളെ അവരുടെ വ്യത്യസ്തമായ വാസനകളെ ഉൾക്കൊണ്ട് ദൈവത്തിനായി വളർത്തിയെടുക്കുവാൻ ദൈവത്തിന്റെ സഹായം ആവശ്യമാണ്. “നിങ്ങളിൽ ഒരുത്തനു ജ്ഞാനം കുറവാകുന്നു എങ്കിൽ ഭത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോടു യാചിക്കട്ടെ. അപ്പോൾ അവന്നു ലഭിക്കും ” (യാക്കോ. 1:5).

നമ്മുടെ കുഞ്ഞുങ്ങൾ നമ്മെ അനുസരിക്കേണം എന്ന് നാം ആഗ്രഹിക്കുന്നു എങ്കിൽ നാം അവരെ സ്നേഹത്തോടും ദയയോടും കരുതേണ്ടതാണ്. സന്തോഷമോ ദൈവഭയമോ ഇല്ലാത്ത ഭവനങ്ങളിൽ കുഞ്ഞുങ്ങൾ ഭയത്തിൽ കൂടെയാണ് വളരുന്നത്. അതുകൊണ്ട് നാം സ്നേഹത്തിലൂടെ അവരെ അനുസരണം പഠിപ്പിക്കേണ്ടതാണ്. കുഞ്ഞുങ്ങൾ മാതാപിതാക്കന്മാരെ അനുസരിക്കണം എന്നത് സ്വാഭാവികമാണ്. എന്നാൽ ഓരോ കുഞ്ഞുങ്ങളോടും ദയയോടും സ്നേഹത്തോടും കൂടെ ഇടപെടുക. വീട് എന്നത് ഭൂമിയിൽ അവർ ഏറ്റവും ഇഷ്ടപ്പെടുന്ന ഒരു സ്ഥാനമാക്കിത്തീർക്കേണ്ടതാണ്.

കായിക ശക്തികൊണ്ടു മാത്രം കുഞ്ഞുങ്ങളെ നേർവഴിക്കു നടത്താൻ സാദ്ധ്യമല്ല. ക്രൂരമായി കുഞ്ഞങ്ങളോട് ഇടപെടുന്നത് പരിതാപകരമായ ഒരു അനുഭവമാണ്. സ്നേഹവും ആർദ്രതയും കലർന്ന ശാസനകൾ ഒരു കുട്ടിയെ സ്വാഭാവികമായി അനുസരണയുള്ളവനാക്കിത്തീർക്കുന്നു. ഇഷ്ടത്തോടെ ഒരു കുട്ടി സ്നേഹവും അനുസരണവുമുള്ളവനായി കാണപ്പെടുമ്പോൾ മാതാപിതാക്കളും തുല്യമില്ലാത്ത സന്തോഷമുള്ളവരായിത്തീരും. ദൈവത്തിന്റെ സഹായത്താൽ ആ അനുഭവം നേടാവുന്നതാണ്. ചിലർ ചോദിക്കാറുണ്ട്. “നിങ്ങൾ ഒരിക്കലും നിങ്ങളുടെ കുട്ടിയെ ശിക്ഷിക്കാറില്ലേ?” തീർച്ചയായും. ചിലപ്പോൾ അത് ആവശ്യമായിവരും. നിയന്ത്രണം വിട്ടു പോകുമ്പോൾ നിശ്ചയമായും കുട്ടികൾക്ക് ശിക്ഷ ആവശ്യമാണ്.

നിങ്ങളുടെ കുട്ടികളെ ശ്രദ്ധിക്കുക.

കോപത്തോടെ നോക്കുന്നതും കർശനമായ ശാസനയും ചിലപ്പോൾ കുട്ടികളുടെ കുഞ്ഞു മനസ്സിനു മുറിവേറ്റെന്നുവരാം. നമുക്ക് നിസാരമെന്നു തോന്നുന്ന പലതും കുട്ടികൾക്കു ഗൗരവമായിത്തോന്നാം. അതുകൊണ്ട് പ്രോത്സാഹനത്തിന്റെയും ധൈര്യത്തിന്റെയും വാക്കുകൾ പറഞ്ഞ് സ്നേഹത്തോടെ സംസാരിക്കുമ്പോൾ നല്ലതും നിലനിൽക്കുന്നതുമായ പ്രതികരണമുണ്ടാവും.

എല്ലാ നിലയിലും നല്ല പ്രോത്സാഹനം കുഞ്ഞുങ്ങൾക്ക് കൊടുക്കേണം. നാം കുഞ്ഞുങ്ങളെ സ്നേഹിക്കുന്നു എന്നു അവർ മനസ്സിലാക്കുമ്പോൾ അവർ കൂടുതൽ സന്തോഷമുള്ളവരും അനുസരണവും ബഹുമാനവുമുള്ളവരായിരിക്കും. ചെറിയ, നല്ല കഥകൾ അവരെ വായിച്ച് കേൾപ്പിക്കേണം. നിർത്തിയിട്ട് അതിൽ ഒന്ന് പറഞ്ഞ് കേൾപ്പിക്കേണം. കുട്ടികളെ നമ്മോട് കൂടെ നിർത്തുകയും യാത്രകളിൽ സൗകര്യം പോലെ കൊണ്ടുപോവുകയും വേണം. മരങ്ങളുടെയിടയിലേക്കും കൃഷിയിടങ്ങളിലേക്കും അവരെ കൊണ്ടുപോകണം. അവരുടെ സംശയങ്ങൾക്ക് മറുപടി പറയേണം. ദൈവത്തെക്കുറിച്ചും അവരോട് പറയേണം.

കുട്ടികൾക്ക് പ്രോത്സാഹനവും ഉത്സാഹവും പ്രദാനം ചെയ്യുന്ന അവസരങ്ങളെ നന്നായി ഉപയോഗിക്കേണ്ടതാണ്. നമ്മുടെ ശ്രദ്ധ കുട്ടികൾക്ക് എപ്പോഴും കൊടുക്കുകയും അവരുടെ സ്നേഹവും അനുസരണയും നമുക്ക് ലഭിക്കുകയും ചെയ്യുമ്പോൾ വീട് കുട്ടികൾക്ക് ഭൂമിയിലെ ഒരു സ്വർഗ്ഗമായി അനുഭവപ്പെടും. വെറുക്കുകയും എപ്പോഴും കോപത്തോടെ ഇടപെടുകയും ചെയ്യുന്നുവെങ്കിൽ ഒരു അടിമയാണെന്ന തോന്നലാണ് കുട്ടികളിലുണ്ടാവുക.

കുട്ടികളോട് ദയയുള്ളവരായിരിക്കുക.

നിങ്ങളുടെ കുട്ടികൾക്ക് ദയയും സ്നേഹവും സന്തോഷവും കൊടുക്കുക. നിങ്ങളുടെ വീട് കുട്ടികൾക്ക് ഇഷ്ടമുള്ളതാക്കുക. അവരെ മേശയ്ക്കു ചുറ്റും ഒലിവുതൈകളായി കാണുക. നമ്മുടെ ഉദരഫലത്തിന്റെ വളർച്ചയിലും ഉയർച്ചയിലും പരിശീലനത്തിലും ഏതു സാഹചര്യത്തിലും ശാന്തതയും സമാധാനവുമുള്ള വരായി ദൈവത്തിന്റെ ആർദ്ര കരുണയിലും വളർത്തെടുക്കുവാൻ ഓരോ മാതാപിതാക്കളും ദൈവത്തിൽ നിന്നു ള്ള പ്രത്യേക കൃപയും പ്രാപിക്കേണ്ടതാണ്. നമ്മുടെ ഭവനം സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ആത്മീയ അനുഭവങ്ങളുടെയും വിളനിലമായിത്തീരട്ടെ. ❖

(3-ാം പേജിന്റെ തുടർച്ച)

ദൈവവചനവും വിവാഹവും

വാക്യം ഇങ്ങനെ വായിക്കുന്നു, “അതുകൊണ്ട് പുരുഷൻ അപ്പനെയും അമ്മയെയും വിട്ട് പിരിഞ്ഞ് ഭാര്യയോടു പറ്റിച്ചേരും. അവർ ഏക ദേഹമായിത്തീരും”(ഉല്പ. 2:24).

ഇതാ, മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതിയുടെ രൂപരേഖ, പുരുഷൻ, സ്ത്രീ, വിവാഹം. മാന്യരായ രണ്ട് വ്യക്തികൾ. സൃഷ്ടിതാവിന്റെ സ്വരൂപത്തിൽ രൂപം കൊണ്ടവർ. രണ്ട് വ്യത്യസ്ത ആളുകൾ തുല്യം പറയുവാൻ കഴിയാത്ത നിലയിൽ ദൈവത്തിന്റെ പദ്ധതി പ്രകാരം നിർമ്മിക്കപ്പെട്ടു, പരസ്പരം അംഗീകരിക്കുന്നു. ദൈവത്താൽ അത്ഭുതകരമായി സൃഷ്ടിക്കപ്പെട്ട പുരുഷനും സ്ത്രീയും ഒരു ദേഹമായിത്തീരുന്നു. രണ്ട് വ്യത്യസ്ത വ്യക്തിത്വങ്ങൾ ആയിരിക്കുമ്പോൾ തന്നെ ആഴമായ ബന്ധത്തിൽ കൂട്ടിച്ചേർക്കപ്പെടുന്നു. വിവാഹത്താൽ സംഭവിക്കുന്നത്, വ്യത്യസ്തരായിരിക്കുമ്പോൾ തന്നെ ഏകത്വവും വ്യത്യസ്തരായിരിക്കുമ്പോൾ തന്ന സമത്വവും, പങ്കിടുമ്പോൾ ആഴമായ സംതൃപ്തിയും വന്നു ചേരുന്നു.

ക്രിസ്തുവും സഭയും

ദൈവം ഇപ്രകാരം ആദിയിൽ തന്നെ വിവാഹത്തെക്കുറിച്ച് ഒരു രൂപരേഖ തയ്യാറാക്കിയിരുന്നു. അതിന്റെ ഉദ്ദേശം കർത്താവായ യേശു കാൽവറിക്രൂശിൽ മരിക്കുന്നതുവരെ പൂർണ്ണമായി വെളിപ്പെടുത്തിയിരുന്നില്ല. യേശു ഉയിർത്തെഴുന്നേറ്റു. സഭ സ്ഥാപിച്ചു. അതിന്റെ ശേഷം സ്ഥാപിക്കപ്പെട്ട ആ വിവാഹത്തിലേക്ക് തിരിഞ്ഞ് സംസാരിക്കുന്നത്, ഈ മർമ്മം വലിയത്; “ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേശിച്ചത്രേ പറയുന്നത്” (എഫെ. 5:32). ദൈവം മനുഷ്യനെയും പിന്നെ സ്ത്രീയേയും നിർമ്മിച്ച് കൂട്ടിച്ചേർത്തു. അവിടെ ദൈവം ഒരു ചിത്രം വരയ്ക്കുകയായിരുന്നു. ആ ചിത്രത്തിലൂടെ ക്രിസ്തുവിന് സഭയോടും സഭയ്ക്ക് ക്രിസ്തുവിനോടുമുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുകയായിരുന്നു.

എങ്ങനെയാണ് ഈ ചിത്രം പ്രദർശിപ്പിച്ചത്? വേദപുസ്തകം അത് വിശദീകരിക്കുന്നു. “ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്കു തലയാകുന്നതുപോലെ ഭർത്താവും ഭാര്യക്കു തലയാകുന്നു. എന്നാൽ സഭ ക്രിസ്തുവിനു കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാർക്കു സകലത്തിലും കീഴടങ്ങിയിരിക്കേണം” (എഫെ. 5:23,24).

എത്ര ശ്രേഷ്ഠമായ ചിത്രം! ക്രിസ്തു സഭയുടെ തലയായി. തനിക്കുള്ളതൊക്കെയും സഭയ്ക്ക് കൊടുത്തു. തന്റെ മണവാട്ടിയെ പാലിക്കേണ്ട ചുമതല ക്രിസ്തു ഏറ്റെടുത്തു. തനിക്കുള്ളതൊക്കെയും സഭയ്ക്കു കൊടുക്കമാത്രമല്ല തന്റെ ജീവനേയും യേശു സഭയ്ക്കുവേണ്ടി ഏല്പിച്ചുകൊടുത്തു. ഒരു പുരുഷൻ തന്റെ മണവാട്ടിയെ പരിപാലിക്കാനുള്ള ദൗത്യം ഏറ്റെടുക്കുമ്പോൾ അവളുടെ നന്മയ്ക്കായി തനിക്കുള്ളതൊക്കെയും ഏല്പിച്ചുകൊടുക്കാൻ തയ്യാറാകുന്നു. ദൈവം രൂപകല്പന ചെയ്ത വിവാഹ ജീവിതത്തിൽ ഭർത്താവ് ഭാര്യയെ സ്നേഹിച്ച് തനിക്കുള്ളതൊക്കെയും അവരിലുടെ നന്മയ്ക്കായി വിട്ടു കൊടുക്കുന്നതു പോലെ ക്രിസ്തുവും തന്റെ ജനത്തെ സ്നേഹിച്ച സ്നേഹത്തെ ലോകം അറിയേണ്ടതാണ്.

“അതുപോലെ സഭ ക്രിസ്തുവിനു കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാർക്ക് സകലത്തിലും കീഴടങ്ങിയിരിക്കേണം” (എഫെ. 5:24). നാം കേട്ട കീഴടങ്ങലിന്റെ വാക്കുപോലെ തന്നെ നേരത്തെ കേട്ട മേലധികാരത്തിന്റെ വാക്കും ഒരു പോലെ ചിന്തിക്കുമ്പോൾ ഒരു ശ്രേഷ്ടാധികാരവും അതിനെ അനുസരിക്കുന്ന മറ്റൊരനുഭവവും ഇവിടെ കാണുന്നു. എന്നാൽ ഇവിടെ വേദപുസ്തകം എന്താണർത്ഥമാക്കുന്നത്. നാം കണ്ടതുപോലെ.

പുരുഷനും സ്ത്രീക്കും തുല്യമാന്യതയാണുള്ളത്. സമർപ്പണം എന്നത് മറ്റൊരു വ്യക്തിത്വത്തെ കുറഞ്ഞതായി കാണുക എന്ന അർത്ഥത്തിലല്ല, പ്രത്യുത വേദപുസ്തകം പറയുന്നത് ഒരാൾ മറ്റൊരാൾക്ക് സ്നേഹത്തിൽ ഏല്പിച്ചു കൊടുക്കുന്ന അനുഭവമായിരിക്കേണം എന്നാണ്.

ദൈവസഭയിലെ എല്ലാ അംഗങ്ങളും ക്രിസ്തുവിന് കീഴ്പ്പെട്ടിരിക്കേണം എന്നത് ഒരു മോശമായ സംഗതിയാണോ? ഒരിക്കലുമല്ല. ഇത് ശ്രേഷ്ഠമേറിയ ഒരു കാര്യമാണ്. ക്രിസ്തു സ്നേഹിക്കുന്നു. നയിക്കുന്നു. സേവിക്കുന്നു. സംരക്ഷിക്കുന്നു. എല്ലാം നമുക്കുവേണ്ടി കരുതുന്നു. അതിനോടുള്ള ബന്ധത്തിൽ നാം ക്രിസ്തുവിനോട് നമ്മെ സമർപ്പിച്ച് ചേർന്നിരുന്ന് പിരിയാത്ത ഒരു ബന്ധം സ്ഥാപിച്ചെടുക്കുകയാണ് ചെയ്യുന്നത്.

ദൈവം വിവാഹം രൂപകല്പന ചെയ്തു ഒരു ബന്ധം സ്ഥാപിച്ചെടുക്കാൻ വേണ്ടിയായിരുന്നു. ദൈവം ആഗ്രഹിക്കുന്നത്, ദൈവത്തെ അനുസരിക്കുന്നത് കീഴടങ്ങി ഭരിക്കുക എന്ന അനുഭവമല്ല എന്ന് മനുഷ്യൻ മനസിലാക്കേണം എന്നാണ്. ദൈവം ആഗ്രഹിക്കുന്നത്, സമർപ്പിക്ക എന്നത്, സ്നേഹിക്കുന്ന കർത്താവിനോട് ആഴമായ സ്നേഹബന്ധത്തിൽ പറ്റിച്ചേരുകയാണ് എന്ന് മനസ്സിലാക്കുകയാണ്. അതുകൊണ്ട് ഭാര്യയോട് ദൈവവചനം സംസാരിക്കുന്നത്, തന്റെ നന്മയ്ക്കായി എല്ലാം നൽകി സ്നേഹിക്കുന്ന തന്റെ ഭർത്താവിന്റെ നേതൃത്വത്തെ അംഗീകരിച്ച് തന്നോടുള്ള ആഴമായ സ്നേഹത്തിൽ തന്നെത്താൻ സമർപ്പിച്ചിരിക്കേണം എന്നാണ്. വേദപുസ്തകം പറയുന്ന വിവാഹം എപ്പോഴും ദൈവത്തിന് മനുഷ്യരോടുള്ള തന്റെ നിത്യമായ സ്നേഹത്തെയും കരുതലിനെയും ചിത്രീകരിക്കുന്നതാണ്.

ആത്യന്തികമായി ഇവയെല്ലാം ദൈവത്തിന്റെ നാമമഹത്വത്തിനാണ് എന്നതാണ്. ദൈവം തന്റെ പുത്രനെ പാപികൾക്കു പകരമായി മരിക്കുവാനായി അയച്ചു. വിവാഹം ആ ഉദ്ദേശ്യത്തെ ചൂണ്ടിക്കാണിക്കുന്നു. ഇത് നാം മനസിലാക്കുമ്പോൾ വാസ്തവത്തിൽ വിവാഹം നിലകൊള്ളുന്നത് നമുക്കുവേണ്ടിയല്ല പിന്നെയോ ദൈവത്തിന്റെ ഹിതത്തിന്റെ നിവർത്തിക്കുവേണ്ടിയാണ് എന്നു കാണാം. വിവാഹം സ്ഥാപിക്കപ്പെട്ടതു നമ്മുടെ സംതൃപ്തിയ്ക്കുവേണ്ടി മാത്രമല്ല സുവിശേഷത്തിലൂടെ തന്റെ മഹത്വം വെളിപ്പെടുത്തുവാനാണ്.

ഒരിക്കലായി എല്ലാവർക്കും

വിവാഹത്തിന്റെ പരിപാവനതയെ മാറ്റി മറിക്കുന്ന അനുഭവവും ഇന്ന് ഉണ്ടായിരിക്കുന്നു എന്നത് ദുഃഖകര

(ശേഷം 8-ാംപേജിൽ)

ദൈവസഭയേ. ഉണരുക!

By Sarah Foulkes Moore

വേദനാജനകമായ ഒരു കരച്ചിൽ നശിച്ചുകൊണ്ടിരിക്കുന്ന ജനത്തിൽ നിന്നും മുഴങ്ങികേൾക്കുന്നു. എന്നാൽ സഭ നല്ല നിദ്രയിലാണ്. അന്ത്യകാല സംഭവങ്ങൾ - ഭൂകമ്പം, ആടുന്ന ഗവൺമെന്റുകൾ, ധാർമ്മികതയുടെ തകർച്ച - ദേശവ്യാപകമായി നടക്കുന്നു. ആരും അനുസരിക്കുന്നില്ല സമയം വളരെ ചുരുക്കം എന്നറിയേണ്ടതിന് നാം ഉണരേണ്ടിയിരിക്കുന്നു. ചിന്തിയില്ലാത്തവരെക്കുറിച്ച് പൗലൊസ് മുന്നറിയിപ്പു നൽകുന്നത്, “ ആകയാൽ നാം ശേഷമുള്ളവരെപ്പോലെ ഉറങ്ങാതെ ഉണർന്നും സുബോധവുമായിരിക്ക ” (1തെസ്സ. 5:6).

ക്രിസ്തീയ വിശ്വാസിയേ ഈ കാലഘട്ടത്തിൽ ലോകത്തിലെ ദൈവവേലയെക്കുറിച്ച് എന്താണ് ചിന്തിക്കുന്നത്? അലസരായിരിക്കുവാനാണോ? ഉറങ്ങുവാനാണോ? സുഖ ഭോഗങ്ങളിൽ മുഴുകിയിരിക്കുവാനാണോ? അപകടകരമായ അനുസരണക്കേടിലാണോ? കർത്താവു വന്ന് നമ്മുടെ മേൽ നീതിയുടെ മഴ പെയ്യിക്കുന്നതുവരെ അവിടുത്തെ അന്വേഷിക്കേണ്ടതല്ലയോ?

ആത്മീക മണ്ഡലത്തെ സുഖലോലുപതയുടെ കൂത്തരങ്ങുകളാക്കി, സ്വയസ്നേഹത്തിലും, ലോകസ്നേഹത്തിലു മുഴുകി, ദൈവജനത്തെ വിശ്വാസത്തിന്റെ നല്ലപോർ പോരുതുവാൻ പഠിപ്പിക്കേണ്ടതിനു പകരം ഈ സന്ദർഭത്തിൽ അവരെ അലസരാക്കിത്തീർക്കുകയാണ് ചെയ്യുന്നത്.

സ്വയസ്നേഹം

പ്രസംഗിക്കുന്നവരും ജനവും ഒരുപോലെ വിശാലമായി സ്വന്ത ഇഷ്ടത്തിനു സ്വന്ത സുഖത്തിനും വേണ്ടി ചിന്തിച്ച് തങ്ങളുടെ മേശകളെ സമൃദ്ധമാക്കി, സ്വന്തം ശരീരത്തെ മോടിപ്പിടിപ്പിച്ച് ജനത്തിന്റെ കണ്ണുനീരിനെ മറന്നു കളയുന്നു.

നെഹെമ്യാവും ദാനിയേലും ചെയ്തതുപോലെ, ദേശത്തിലെ ആത്മിക മൂല്യങ്ങളുടെ തകർച്ചയെ മനസ്സിലാക്കി, ദൈവത്തിന്റെ തിരുവിഷ്ടം അനുസരിച്ച് ദൈവജനത്തിനു വേണ്ടിയും പാപത്തിൽ നശിച്ചുകൊണ്ടിരിക്കുന്ന ലോകജനത്തിനുവേണ്ടിയും കരയുവാനും ഈ കാലഘട്ടം വിനിയോഗിക്കേണ്ടതാണ്.

ഈ വക ആർ കേട്ടിട്ടുള്ളൂ? ഇങ്ങനെയുള്ളത് ആർ കണ്ടിട്ടുള്ളൂ? ഒരു ദേശം ഒരു ദിവസം കൊണ്ടു പിറക്കുമോ? ഒരു ജാതി ഒന്നായിട്ടു തന്നെ ജനിക്കുമോ? “ സീയോനോ നോവുകിട്ടിയ ഉടൻ തന്നെ മക്കളെ പ്രസവിച്ചിരിക്കുന്നു ” (യെശ. 66:8).

പ്രാർത്ഥനയിൽ കുറവ് എല്ലാ രാത്രിയും റ്റി.വി.യുടെ മുമ്പിൽ

തിരുവചനത്തിലുടനീളം ശ്രദ്ധിച്ചാൽ അന്ത്യകാലത്തിലെ വിളി, ദൈവമുഖം അന്വേഷിക്ക എന്നതാണ് എന്നാൽ ലവോദിക്യയിലെ സഭ ലൗകിക നന്മകളാൽ സമൃദ്ധമായിരിക്കുന്നു. മാത്രമല്ല തന്റെ അന്ധതയിൽ. തന്നെത്താൻ താഴ്ത്തി പ്രാർത്ഥിക്കുവാൻ ഉപദേശിക്കേണ്ടതിന് പകരം ലോകസ്നേഹത്തിൽ മുഴുകിയിരിക്കുന്നു. എഴുന്നേറ്റ് ദൈവത്തിന്റെ മുഖം അന്വേഷിക്കേണ്ടതാണ്. (വെളി. 3:14-22).

ദൈവത്തിന്റെ ആത്മാവ് സകല മനുഷ്യരെയും പ്രാർത്ഥനയ്ക്ക് വിളിക്കുന്നു. പ്രാർത്ഥനാ യോഗങ്ങളിൽ വരൾച്ച ബാധിച്ചിരിക്കുന്നു. ദൈവത്തിന്റെ ജനം സുഖ ലോലുപരായി റ്റി.വി. യുടെ മുമ്പിൽ ശരണമാക്കിയിരിക്കുകയാണ്, അല്ലെങ്കിൽ സ്വന്ത വഴിയിൽ മുഴുകിയിരിക്കുന്നു. വരാൻ പോകുന്ന ന്യായവിധിയെക്കുറിച്ച് നോഹ പ്രസംഗിക്കുമ്പോഴും ശ്രദ്ധിക്കാത്ത ആളുകളെപ്പോലെ ആയിരിക്കുന്നു.

ദൈവത്തിന്റെ ശക്തമായ പ്രഖ്യാപനം എന്നത് സീയോനിൽ സ്വൈരികളായിയുള്ളോരേ നിങ്ങൾക്ക് കഷ്ടം (ആമോ. 6:1). ദൈവവചനം കേട്ടിട്ടും അതിനു ശ്രദ്ധ കൊടുക്കാതെ അനുസരണം കെട്ടവരായി മുന്നോട്ടുപോകുന്നു. ദൈവത്തിൽ നിന്നും അകന്ന് ജീവിതത്തിന്റെ ആസക്തികളിൽ മുഴുകി ജീവിക്കുന്നു. ദൈവം കഷ്ടം എന്ന് വിളിച്ചു പറയുന്നത് എന്ത് എന്ന് ചിന്തിച്ചാൽ മനസ്സിലാകുന്നത് “ന്യായവിധി ദൈവഭവനത്തിലാണ് ആരംഭിക്കുന്നത് എന്നാണ് ” (ലൂക്കൊ. 21:34-36; 1പത്രൊ. 4:17).

അലസമായി പോകുന്ന സഭ വിശ്വാസമില്ലാത്ത ലോകത്തെ ഉളവാക്കുന്നു.

സീയോന്റെ സുഖലോലുപത ആത്മികമായി അധഃപതിച്ച ഒരു ലോകത്തെ ഉളവാക്കുന്നു. ദൈവജനം സുഖലോലുപരാകുമ്പോൾ പ്രവർത്തനത്തിലും സാക്ഷ്യത്തിലും പ്രശ്നങ്ങളുണ്ടാക്കുന്നു, സഭ നാമമാത്രമായ വിശ്വാസത്തിലേയ്ക്ക് ഒഴുകിപ്പോകുന്നു, തലമുറ അവിശ്വാസികളായിത്തീരുന്നു. അലസമായി നാമമാത്രമായി പോകുന്ന സഭ അങ്ങനെ അവിശ്വാസമുള്ള ഒരു തലമുറയെ സൃഷ്ടിക്കുന്നു.

സമയത്തും അസമയത്തും ഒരുങ്ങിയിരിക്ക എന്നത് കർത്താവിന്റെ എത്ര ശക്തമായ കല്പനയാണ്. (2തിമൊ. 4:2). ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ച് കർത്താവിന്റെ കൃപയിൽ ഉറച്ചു നിന്ന്, നമ്മെത്തന്നെ സൂക്ഷിച്ച് ശത്രുവിന്റെ തന്ത്രങ്ങളെ തകർത്ത് എപ്പോഴും ആത്മാവിൽ പ്രാർത്ഥിച്ച്, സകല വിശുദ്ധന്മാർക്കും വേണ്ടി പ്രാർത്ഥിച്ചും ജാഗരിച്ചും കരുതലോടും ഉത്സാഹത്തോടും മുന്നേറേണ്ടതാണ്(എഫെ. 6:10-18).

ശീതോഷ്ണാവസ്ഥ വെടിയണം.

അവനവന് അതത് വേല കൊടുത്തു (മർക്കൊ. 13:34). സകലസൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ (മർക്കൊ. 16:15). ദൈവത്തിന്റെ കല്പന പ്രമാണിച്ച് കർത്താവിന്റെ വേലയിൽ ഉണർവ്വോടും ജാഗ്രതയോടും ഫലവത്തായ വേലക്കാരനായി നിൽക്കേണ്ടതിന് പകരം അനുസരണക്കേടിലും പാപത്തിൽ മുന്നോട്ടു പോകുന്നുവെങ്കിൽ ദൈവമുമ്പാകെ നമ്മെത്തന്നെ താഴ്ത്തുവാനോ നമ്മുടെ ശീതോഷ്ണാവസ്ഥയെക്കുറിച്ച് പശ്ചാത്തപിക്കാനോ കഴിയാതെ ഏറ്റവും പരിതാപകരമായ അവസ്ഥയിലെത്തിച്ചേരുന്നു. എന്നാൽ ദൈവകൃപയ്ക്കുവേണ്ടി പ്രാർത്ഥിച്ച് ശീതോഷ്ണാവസ്ഥയെ ജയിച്ച് ദൈവത്തിന്റെ വേലയിൽ ശക്തി പ്രാപിക്കേണ്ടതാണ്. നമ്മുടെ പാപങ്ങഴെയോ ശീതോഷ്ണാവസ്ഥയെയോ നാം നീതീകരിക്കുകയോ മൂടിവയ്ക്കുകയോ ചെയ്താൽ ഒരിക്കലും ശുഭമായിരിക്കയില്ല. (സദൃ.28:13; 1യോ. 1:9).

(ശേഷം അടുത്ത ലക്കം)

(2-ാം പേജിന്റെ തുടർച്ച)

പാപത്താൽ അന്ധകാരത്തിലായിരിക്കുന്ന ലോകത്തിന് പ്രകാശിക്കുന്ന വിളക്കുകൾ

ത്തങ്ങളും നാം അവകാശമാക്കേണം. നാം മരുഭമിയിലാണ്. ദൈവസ്നേഹത്തിന് പകരം മരണത്തെയാണ് വലുതായി ക്കാണുന്നത്, ദേശം അവകാശമാക്കുന്നതിൽ അയഞ്ഞ മനോഭാവമാണ്. എന്നാൽ സ്ഥിരമായ ഒരു ബന്ധം ദൈവവുമായി നമുക്കാവശ്യമാണ്. ഹൃദയം മുഴുവനും വിശുദ്ധിയും ദൈവസ്നേഹവും ആത്മാക്കളോടുള്ള സ്നേഹവും ആയിരിക്കേണം. നാം വളരെ സാധാരണക്കാരായിത്തീർന്നിരിക്കുന്നു. നാം ഓജസ്സില്ലാത്തവരും വെറും പ്രകടനക്കാരും ആയിത്തീർന്നിരിക്കുന്നു.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമുക്ക് ശക്തമായ ഒരു ഉണർവ്വു തരട്ടെ. അത് നമ്മെ ശക്തീകരിക്കയും പഴയ അടിസ്ഥാനങ്ങളിലേയ്ക്ക് നമ്മെ തിരിച്ച് നമ്മെ അനുഗ്രഹിച്ചുയർത്തും. നീതിയുടെ അടിസ്ഥാനങ്ങൾ പണിയുന്നതിനും അതു നിമിത്തം ദൈവത്തോടുള്ള ബഹുമാനം വർദ്ധിക്കുകയും ലോകരാജ്യങ്ങളിൽ ദൈവഭയമുണ്ടാക്കുന്നതിനും ദൈവമായ കർത്താവ് നമ്മെ സഹായിക്കട്ടെ. “നീതി ജാതിയെ ഉയർത്തുന്നു; പാപമോ വംശങ്ങൾക്ക് അപമാനം ” (സദൃ. 14:34). പാപബോധം നഷ്ടപ്പെടുകയും ദൈവത്തിന്റെ സഹായം തള്ളിക്കളകയും ചെയ്യുന്നത് എത്ര ദുഃഖകരം. ആഴമായ അനുതാപവും വളരെ പ്രാർത്ഥനയും ഇല്ലാതെ ഉണർവ്വുണ്ടാകുന്നില്ല.

നാം കൂടി വന്നിരിക്കുന്ന സ്ഥലം കുലുങ്ങുന്നതുവരെ നമുക്ക് പ്രാർത്ഥിക്കാം. എല്ലാവരും പരിശുദ്ധാത്മാവു നിറയുന്നതുവരെ പ്രാർത്ഥിക്കാം. ദൈവവചനം അധികാരത്തോടെ (അ.പ്ര.4:31). സംസാരിക്കാം ഉറക്കെ വിളിക്കാം (യെശ. 58:1). ദൈവത്തിന്റെ വാഗ്ദത്തങ്ങൾ സത്യമാണ്. ദൈവത്തിന്റെ പദ്ധതി പരാജയപ്പെടുകയില്ല. അനുതാപത്തിനു വേണ്ടിയുള്ള ഒരു പുതിയ വിളി നമുക്കാവശ്യമാണ്. വിശുദ്ധയ്ക്കുവേണ്ടിയുള്ള ദാഹവും ദൈവശക്തിയും നമുക്കാവശ്യമാണ്.

അതു നമ്മുടെ ഹൃദയങ്ങളെ നുറുക്കും. ആത്മഭാരവും ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാനുള്ള വ്യഗ്രതയും പ്രാർത്ഥനാ ജീവിതവും നമുക്കു തരും. നമ്മുടെ അഹംഭാവം മാറി താഴ്മ ധരിക്കേണം. രട്ടും വെണ്ണീരും ആവശ്യമാണ്. പഴയ തലമുറയുടെ നേട്ടങ്ങൾ പര്യാപ്തമല്ല. കൊയ്ത്ത് ആശ്രയിച്ചിരിക്കുന്നത് കണ്ണീരോടെയുള്ള വിതയിലാണ്.

വിജയത്തിന്റെ വഴി ക്രൂശിലൂടെയാണ്. പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിന് തുല്യമായി മറ്റൊന്നില്ല. അഭിഷേകം മനുഷ്യനെ ഒരുക്കുന്നു. ദൈവത്തിന്റെ അഭിഷേകം എല്ലാത്തരത്തിലുമുള്ള ശുശ്രൂഷകളെയും മിഷനറി പ്രവർത്തനത്തെയും ഉദ്ധരിക്കുന്നു. അടിസ്ഥാനപരമായി, ദൈവശക്തിയോടെ അഭിഷേകം ചെയ്ത പ്രസംഗങ്ങൾ ഈ കാലഘട്ടത്തിനാവശ്യമാണ്. ദൈവം തന്റെ ജനത്തോടു സംസാരിക്കാൻ ശ്രമിക്കുമ്പോൾ ഉറങ്ങരുത്. നമുക്കുവേണ്ടി കരുതിയ വാഗ്ദത്തം ചെയ്യപ്പെട്ട, പരിശുദ്ധാത്മാവിന്റെ ശക്തി അവകാശമാക്കി ക്രിസ്തുവിൽ നമുക്കുള്ള പദവിയെ കാത്തു നമുക്കുള്ള അനുഗ്രഹങ്ങൾ ദിനംതോറും അവകാശമാക്കേണം. സ്നേഹിക്കുവാനുള്ള ശക്തിയും ദയയുള്ള ഹൃദയവും ദൈവം നമുക്കു നൽകട്ടെ. പ്രകൃത്യാതീതമായ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കാര്യങ്ങൾ വിജയകരമായി ചെയ്യുവാൻ നമുക്കു കഴിയും. ദൈവമക്കൾ എപ്പോഴും സന്തോഷമുള്ളവരായി ജയിക്കുന്നവരായിരിപ്പാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവം തന്റെ അടിസ്ഥാനങ്ങളെ ആഴത്തിൽ ഇടുന്നു. ദൈവത്തിന്റെ നിറവുകളാൽ നിറയപ്പെടുന്നതിനേക്കാൾ വലുതായി മറ്റൊന്നില്ല. അതാണ് നമ്മുടെ ഏറ്റവും വലിയ ആവശ്യം.

പരിശുദ്ധാത്മാവ് നമ്മുടെ രക്ഷയുടെ മുദ്രയാണ്. പുത്രത്വത്തിന്റെ തെളിവാണ്, ദൈവമഹത്വത്തിന്റെയും ശക്തിയുടെയും നിശ്ചയമാണ്. എല്ലവരും പരിശുദ്ധാത്മവിനാൽ നിറയേണം (എഫെ. 5:18) എന്നത്, അനുഗ്രഹിക്കപ്പെട്ട പദവിയും, ദൈവത്തിന്റെ കല്പനയുമാണ്.

ലോകത്തോടുള്ള ബന്ധവും ലോകപ്രകാരമുള്ള മനസ്സും

ക്രിസ്തുവിന്റെ സ്വഭാവമുള്ള, ആത്മീക ചിന്തയുള്ള, ദൈവത്താൽ നിയന്ത്രിക്കപ്പെടുന്ന ദൈവമക്കളെയാണ് ഈ കാലഘട്ടത്തിൽ ആവശ്യം.

പരിശുദ്ധാത്മാവ് രക്ഷയുടെ മുദ്രയാണ്, പുത്രത്വത്തിന്റെ തെളിവാണ്, ദൈവമഹത്വത്തിന്റെയും ശക്തിയുടെയും നിശ്ചയമാണ്. എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയേണം (എഫെ. 5:18) എന്നത്, അനുഗ്രഹിക്കപ്പെട്ട പദവിയും, ദൈവത്തിന്റെ കല്പനയുമാണ്.

ലോകത്തോടുള്ള ബന്ധവും ലോകപ്രകാരമുള്ള മനസ്സും

ക്രിസ്തുവിന്റെ സ്വഭാവമുള്ള, ആത്മിക ചിന്തയുള്ള ദൈവത്താൽ നിയന്ത്രിക്കപ്പെടുന്ന ദൈവകമക്കളെയാണ് ഈ കാലഘട്ടത്തിൽ ആവശ്യം. സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോട് പോരാടാൻ കഴിയുന്ന വിശുദ്ധന്മാരെയാണ് നമുക്കാവശ്യം.(എഫെ. 6:12). ആത്മിക ഗാനങ്ങൾ പാടുന്നു, ആത്മിക വരങ്ങൾ പ്രാപിക്കുന്നു, എല്ലാ ആത്മിക അനുഗ്രഹത്താലും അനുഗ്രഹിക്കപ്പെടുന്നു. “ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നെ ” (റോ. 8:6).

യോഹ. 3:16 “ തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു ” ലൂക്കോ. 3:16-ൽ വായിക്കുന്നത് “അവൻ നിങ്ങളെ പരിശുദ്ധാത്മാവു കൊണ്ടും തീ കൊണ്ടും സ്നാനം കഴിപ്പിക്കും. എഫെ. 3:16-ൽ നിങ്ങളുടെ അകത്തെ മനുഷ്യൻ ശക്തിയോടെ ബലപ്പെടേണ്ടതിനു ”.

ക്രൂശിന്റെ ദൂതും അടയാളങ്ങളും ഇന്ന് അനേകർക്ക് പരിചയമില്ല. അനേകർ പുനരുത്ഥാനത്തിന്റെ ശക്തിയെ ത്യജിച്ചുകളയുന്നു. കർത്താവിന്റെ കഷ്ടതയോടുള്ള കൂട്ടായ്മയേയും കാര്യമാക്കുന്നില്ല. ഗലാത്യർ 2:20 -ൽ നമ്മുടെ ജീവിതത്തിന്റെ യഥാർത്ഥ അനുഭവമാക്കേണം. നമുക്ക് പറയാൻ കഴിയണം. “ ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല; ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇ പ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ, എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത് ”. (ഗലാ.2:20)

(ശേഷം 8-ാംപേജിൽ)

(1-ാം പേജിന്റെ തുടർച്ച)

ഏകാഗ്രതയുള്ള ജീവിതം

ലെയായിത്തീരുന്നു. ജീവിത രൂപാന്തരത്തിന്റെ ശരിയായ രഹസ്യം ഇതാണ്. ദൈവിക ല്പന അനുസരിക്കാനുള്ള സ്വാഭാവികമായ തീരുമാനം ശുദ്ധീകരിക്കുന്ന ഒരു അരുവിയായി, അത് ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളെയും പോഷിപ്പിച്ച് അനുഗ്രഹിച്ച് തന്റെ പദ്ധതികളിൽ നിന്നും വിഗ്രഹങ്ങളെ എന്നേയ്ക്കുമായി നീക്കി ശുദ്ധീകരിക്കുന്നു. പൂർത്തിയാകാത്ത പ്രവൃത്തികൾ പരിശുദ്ധാത്മാവിന്റെ വരത്താൽ പുഷ്ടിപ്രാപിക്കുന്നു. പരിശുദ്ധാത്മാവീന്റെ കൂട്ടായ്മയാൽ ശക്തീകരിക്കാത്ത പ്രവൃത്തികളും ശക്തീകരിക്കപ്പെടുന്നു. ക്രിസ്തു ഒരു ജീവിത്തിന്റെ നായകനായിത്തീരുമ്പോൾ ചോദ്യം ചെയ്യപ്പെടാത്ത വീരനായി അവൻ രൂപാന്തരപ്പെടുന്നു.

മാത്രമല്ല ആത്മീക അനുഗ്രഹങ്ങൾ നമുക്കു സ്വന്തമാകുന്നത് നാം പൂർണ്ണമായി ദൈവത്തെ അനുസരിക്കുമ്പോഴാണ്, തന്റെ വിശ്വസ്തതമൂലമാണ് ഹെബ്രോൻ കാലേബിന് വാഗ്ദത്തം ചെയ്യപ്പെട്ടത്. ക്രിസ്തുവിൽ നമുക്ക് അവകാശങ്ങൾ ഉണ്ട്. അത്യന്ത ധനം, ധാരാളമായ ദൈവകൃപ, എല്ലാ നന്മകളും അനുഗ്രഹങ്ങളും ക്രിസ്തുവിൽ നമുക്കുണ്ട്. എല്ലാം നമുക്ക് അനുഭവമാകുന്നത് നാം പൂർണ്ണമായി കർത്താവിനെ പിൻപറ്റുന്നതിലൂടെയാണ്. ദൈവത്തോടുള്ള മത്സരം മനുഷ്യനെ ആത്മിക ദാരിദ്ര്യമുള്ളവനാക്കിത്തീർക്കുന്നു. നാം അവന്റേതായിത്തീരുമ്പോൾ അവിടുത്തെ എല്ലാ നിറവുകളും നമ്മുടേതായിമാറുന്നു. അനാക്യ മല്ലന്മാർ ഇപ്പോഴും ഹെബ്രോനിലുണ്ട്. എന്നാൽ അവരെ കാലേബ് ഓടിച്ചുകളയണമായിരുന്നു. അതുകൊണ്ട് ദൈവത്തിനുള്ളതെല്ലാം നമുക്കുള്ളതാണ്. ആത്മീയ ജീവിതത്തിന്റെ ഓരോ ചുവടുകളും ഓരോ പുതിയ കാൽവയ്പുകളാണ്, ഓരോ പുതിയ അനുഗ്രഹങ്ങളും വാഗ്ദതത്തം ചെയ്യപ്പെടുമ്പോൾ ഓരോ യുദ്ധക്കളവും ഒരുക്കപ്പെടുകയാണ്. പക്ഷേ യുദ്ധക്കളത്തിൽ നാം തനിച്ചല്ല. ശത്രുവീണ്ടും വീണ്ടും പരാജയപ്പെടുന്നു. ഹെബ്രോൻ നമുക്കുള്ള ദാനമാണ്. ഹെബ്രോൻ അവകാശമാക്കുന്നതിൽ നാം പൂർണ്ണമായി വിശ്വസ്തരെങ്കിൽ നമുക്കു അത് ലഭിക്കും. ദൈവം നമ്മെ ശക്തരാക്കിയിരിക്കുന്നു. ശക്തനായ ശത്രുവിനെക്കാൾ ശക്തനാക്കി.

മറ്റൊരു ചിന്തയിൽ ചോദ്യം ചെയ്യപ്പെടാത്ത ക്രിസ്തുവിന്റെ പരമാധികാരം ശ്രദ്ധേയമാണ്. അത് തന്റെ സേവക്കായി നമ്മെ വിളിക്കുകയാണ്. പൂർണ്ണമായി പിന്തുടരുക എന്നു പറഞ്ഞാൽ ഓരോ വിശ്വാസിയും കൊടുക്കുന്നതിലൂടെയുള്ള സന്തോഷവും നേടുന്നതിലുള്ള സന്തോഷവും അനുഭവിച്ച് ലോകത്തിൽ കർത്താവിന്റെ വേല ചെയ്യുക എന്നതാണ്. ഒരുത്തന് ഒരു പ്രവർത്തന സ്ഥലമായിരിക്കാം മറ്റു ചിലർക്ക് തന്റെ വീട്ടിലുള്ള ആളുകളെ നേടുക എന്ന ദൗത്യമായിരിക്കാം. എന്നാൽ ഇതിന്റെ എല്ലാം ഉദ്ദേശം നഷ്ടപ്പെട്ടവരുടം രക്ഷക്കായി ഒരു ജീവിതം ഏല്പിക്കപ്പെടുമ്പോൾ അവന്റെ സ്വയം സമർപ്പണജീവിതം, വീണ്ടെടുക്കുന്ന ത്യാഗജീവിതം ആർക്കും പ്രയോജനമാക്കാവുന്നതാണ്. ഇത് മറയില്ലാത്ത സന്തോഷമാണ് നിത്യമായ സമാധാനമാണ്. ഇത് നമുക്കുള്ള അവസരം. ക്രിസ്തു പറയുന്നു, എന്നെ അനുഗമിക്ക സ്വർഗ്ഗീയ ഹെബ്രോൻ നമുക്കുള്ളതാണ്. ജീവിതത്തിലെ എല്ലാ യുദ്ധങ്ങളും തീരും. കർത്താവ് കൂടെയുണ്ട്. ഇത് കർത്താവിനെ പൂർണ്ണമായി പിന്തുടരുന്ന കാലേബുമാതൃകാ സന്തോഷമാണ്.

(5-ാംപേജിന്റെ തുടർച്ച)

ദൈവവചനവും വിവാഹവും

മായ ഒരു കാര്യമാണ്. സ്വർഗ്ഗ വിവാഹങ്ങൾക്ക് പലയിടത്തും അംഗീകാരം ലഭിച്ചിരിക്കുന്ന ഒരു കാലമാണിത്. പ്രാദേശിക കോടതികളോ സുപ്രീം കോടതിയോ തന്നെ അതിനെ അനുകൂലിച്ചാലും ദൈവം സ്ഥാപിച്ച സ്ത്രീയും പുരുഷനും തമ്മിലുള്ള വിവാഹവും അതിന്റെ ശ്രേഷ്ഠതയേയും വില കുറച്ചു കാണിക്കുവാൻ സാദ്ധ്യമല്ല. കാരണം ദൈവമാണത് സ്ഥാപിച്ചത്. അത് ഒരു ആ ജീവനാന്ത ബന്ധമാണ്.

ദൈവം സ്ഥാപിച്ച വിവാഹത്തിന്റെ മഹത്വം വളരെ വലുതാണ്. ആദിയിൽ ദൈവം അതിനെ സ്ഥാപിച്ചു. കർത്താവായ യേശു വിവാഹത്തിന്റെ മഹത്വം എടുത്തു കാട്ടി. വിവാഹം ലോകം അവസാനിക്കുന്നതുവരെ തുടരും. അത് അതിന്റെ ഉദ്ദേശത്തെ സഫലമാക്കും. ഒരു ദിവസം ഈ നിഴലായ വിവാഹം അതിന്റെ പൂർണ്ണ രൂപത്തിന് വഴി മാറും. അന്ന് അക്ഷരീകമായി സഭ ക്രിസ്തുവിനോട് ചേരും അന്ന് സ്വർഗ്ഗത്തിൽ നിന്നും ഒരു ശബ്ദം കേൾക്കും, “ ഹല്ലേലൂയ്യാ! സർവ്വശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവു രാജത്വം ഏറ്റിരിക്കുന്നു. നാം സന്തോഷിച്ച് ഉല്ലസിച്ച് അവനു മഹത്വം കൊടുക്ക; കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ. അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു ” (വെളി. 19:6,7). യോഹന്നാൻ വെളിപ്പാടു പുസ്തകത്തിൽ എഴുതിയത്. പിന്നെ അവൻ എന്നോട് പറഞ്ഞത് കുഞ്ഞാടിന്റെ കല്യാണ സദ്യയ്ക്ക് ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ എന്നു എഴുതുക എന്ന് പറഞ്ഞു. ഇത് ദൈവത്തിന്റെ സത്യവചനം എന്ന് എന്നോട് പറഞ്ഞു (വെളി. 19:9).

സത്യവചനത്തെ അടിസ്ഥാനപ്പെടുത്തി ചിന്തിക്കുമ്പോൾ ദൈവം സ്ഥാപിച്ച വിവാഹത്തിനെതിരെയുള്ള ചിന്താഗതിയെക്കുറിച്ച് ആകുലപ്പെടേണ്ട കാര്യമില്ല. വിവാഹത്തിന്റെ നിർവ്വചനത്തിനു വേണ്ടി നേതാക്കന്മാരിലോ ഗവമെൺന്റിലോ ആശ്രയിക്കേണ്ടതില്ല, ദൈവം അതിനെ സ്ഥാപിച്ചു. അതിന് തെറ്റ് പറ്റിയിട്ടുമില്ല. നമ്മുടെ സൃഷ്ടിതാവും ന്യായാധിപതിയുമായവൻ സകലവും നമുക്കായി കല്പിച്ചു തന്നിരിക്കുന്നു. ഒരിക്കലായി ഏവർക്കും വേണ്ടി.

(7-ാം പേജിന്റെ തുടർച്ച)

പാപത്താൽ അന്ധകാരത്തിലായിരിക്കുന്ന ലോകത്തിന് പ്രകാശിക്കുന്ന വിളക്കുകൾ

ദൈവശക്തിയുടെ ഉറവുകളെ നമുക്ക് ഊറ്റിയെടുക്കാം. പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നതുവരെ നമ്മുടെ ജീവിതം ശക്തിയില്ലാത്തതാണ്. പരിശുദ്ധാത്മാവ് നമ്മുടെ ജീവനില്ലാത്ത അനുഭവങ്ങളെ രൂപാന്തരപ്പെടുത്തും. ബലഹീന ജീവിതങ്ങളെ രൂപാന്തരപ്പം ടുത്തി ശക്തന്മാരാക്കും. ആത്മീയനെന്ന് നടിക്കുന്നവന് ഒന്നും ചെയ്യാൻ സാധ്യമല്ല. ദൈവം ആവശ്യപ്പെടുന്നത് ചെയ്യാൻ കഴിയുന്ന നിലയിൽ നമ്മുടെ മാനുഷിക ശക്തികളെ ദൈവശക്തിയാക്കിമാറ്റുന്ന ക്രിസ്തുവിന്റെ ശക്തിയെ അവകാശമാക്കുവാൻ ദൈവം കൃപചെയ്യട്ടെ. ആത്മാവിന്റെ അഗ്നി ഇറങ്ങുന്നതുവരെ, ദൈവം പ്രവർത്തിക്കുന്നതുവരെ ഉണർവ്വു വരുന്നത്വരെ നമുക്കു പ്രാർത്ഥിക്കാം.

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975